**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 104 — 18.03.2013 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിൽസാധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ : | **ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിൽസാ ധനസഹായമായി ഈ സർക്കാർ നാളിതുവരെ എന്തു തുക അനുവദിച്ചിട്ടുണ്ട്; | (എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാധനസഹായമുൾപ്പെടെ വിവിധ ധനസഹായവിതരണത്തിനായി ആകെ 133,72,55,831/- രൂപ (നൂറ്റിമുപ്പത്തിമൂന്ന് കോടി എഴുപത്തിരണ്ട് ലക്ഷത്തി അൻപത്തയ്യായിരത്തി എണ്ണൂറ്റിമുപ്പത്തി ഒന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക ജില്ല തിരിച്ച് വ്യക്തമാക്കുമോ; ആയതിൽ പാലക്കാട് ജില്ലയിൽ ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ചത് എത്ര തുക വീതമെന്ന് വ്യക്തമാക്കുമോ; | (ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. |
| (സി) ചികിൽസാധനസഹായം അനുവദിച്ചുകഴിഞ്ഞാൽ മാസങ്ങൾ കഴിഞ്ഞാണ് പ്രസ്തുത തുക അപേക്ഷകർക്ക് ലഭിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ ചികിൽസയ്ക്ക് പണമില്ലാതെ ബുദ്ധി മുട്ടുന്ന രോഗികൾക്ക് സർക്കാർ അനുവദിക്കുന്ന തുക എത്രയും വേഗം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | **(സി) & (ഡി)**<br>ഫണ്ടിന്റെ ലഭ്യതക്കുറവാണ് ധനസഹായം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുക എത്രയുംവേഗം വിതരണം ചെയ്യാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ഇ) ചികിൽസാ ധനസഹായം വിതരണം ചെയ്യുന്നതിന് പരിചയസമ്പന്നരും സേവനസന്നദ്ധരുമായ ഉദ്യോഗസ്ഥരെ കലക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും നിയമിക്കുമോ; വിശദമാക്കുമോ;

(ഇ) പ്രവർത്തന പരിചയമുള്ള ക്ലർക്കിനെ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട ജോലികൾ കൈകാര്യം ചെയ്യാൻ കലക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും നിയമിക്കാവൂ എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) നിലവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ എന്തു തുക അവശേഷിക്കുന്നുവെന്നറിയിക്കുമോ;

(എഫ്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഇപ്പോൾ അവശേഷിക്കുന്നത് 3,84,53,104/- രൂപയാണ് (മൂന്നു കോടി എൺപത്തിനാല് ലക്ഷത്തി അൻപത്തി മൂവായിരത്തി നൂറ്റിനാല് രൂപ മാത്രം)

(ജി) ദുരിതാശ്വാസനിധി സ്വരൂപിക്കുന്നതിന്റെ ഭാഗമായി പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

(ജി) ദുരിതാശ്വാസനിധി സ്വരൂപിക്കുന്നതിന്റെ ഭാഗമായി പരസ്യങ്ങളിൽ അഭിനയിച്ചതിന് ആരുംതന്നെ പ്രതിഫലം കൈപ്പറ്റിയിട്ടില്ല.

സെക്ഷൻ ഓഫീസർ.

## അനുബന്ധം

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിച്ച തുക വിവരം

## (18.5.2011 മുതൽ 13.3.2013 വരെ)

| ക്രമ നം. | ജില്ല | |
|---|---|---|
| 1 | തിരുവനന്തപുരം | 11,69,30,000 |
| 2 | കൊല്ലം | 9,40,00,000 |
| 3 | പത്തനംതിട്ട | 4,65,00,000 |
| 4 | ആലപ്പുഴ | 13,48,00,000 |
| 5 | കോട്ടയം | 10,79,00,000 |
| 6 | ഇടുക്കി | 6,55,35,800 |
| 7 | എറണാകുളം | 8,20,00,000 |
| 8 | തൃശൂർ | 7,81,00,000 |
| 9 | മലപ്പുറം | 9,34,00,000 |
| 10 | പാലക്കാട് | 7,45,41,000 |
| 11 | കോഴിക്കോട് | 4,97,00,000 |
| 12 | കണ്ണൂർ | 14,54,50,000 |
| 13 | വയനാട് | 2,91,00,000 |
| 14 | കാസർഗോഡ് | 11,44,80,000 |
| 15 | മാനേജിംഗ് ഡയറക്ടർ സിവിൽ സപ്ളൈസ് കോർപ്പറേഷൻ (സൗജന്യറേഷൻ വിതരണത്തിന്) | 10,38,19,031 |
| 16 | റസിഡന്റ് കമ്മീഷണർ ന്യൂഡൽഹി | 10,00,000 |
| | ആകെ | **133,72,55,831** |

Vaijan

സെക്ഷൻ ഓഫീസർ.